# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.654** | **10/07/2014-ൽ മറുപടിക്ക്**

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസിന്റെ പഠനം

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി
" പി. കെ. ഗുരുദാസൻ
" എ. കെ. ബാലൻ
" കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസ് (കിഡ്സ്) എപ്പോഴാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ 'കിഡ്സ്' എന്ന സ്ഥാപനം 16.01.2013 നു പ്രവർത്തനം ആരംഭിച്ചു. |
| (ബി) | ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നു വെളിപ്പെടുത്തുമോ ; | (ബി) | ഇല്ല.<br>പ്രവർത്തനം തുടങ്ങി ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു പഠന റിപ്പോർട്ടും സമർപ്പിക്കാത്തതിനാൽ, അധിക ബാധ്യത ഒഴിവാക്കാനായി കിഡ്സിന്റെ പ്രവർത്തനം നിർത്തുകയും സർക്കാരിന് അധികബാധ്യത ഉണ്ടാകാത്ത രീതിയിൽ ഫാർമസി ഡിപ്പാർട്ട്മെന്റ് മുഖേന പ്രസ്തുത പഠനം നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. |
| (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും ഇവയുടെ ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (സി) | 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷന്റെ ടെണ്ടർ വ്യവസ്ഥ പ്രകാരം കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ ശേഖരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ ഉള്ള മരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിച്ചേരുന്ന മരുന്നുകളുടെ 10% സാമ്പിളുകൾ റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ ഫാർമസി ഡിപ്പാർട്ട്മെന്റ് മുഖേന മരുന്നുകളുടെ ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ നിലവാരത്തെ കുറിച്ച് കിഡ്സ് നടത്തിയ പഠനത്തിന്റെ വിശദാംശം നൽകാമോ ? | (ഡി) | കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ നിലവാരം സംബന്ധിച്ച് കിഡ്സ് പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ